# ചിന്നാർ

കേരളത്തിലെ മഴനിഴൽ പ്രദേശമായ ചിന്നാർ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ സ്ഥിതിചെയ്യുന്നു. അത്യപൂർവ്വ ജീവികളുടെയും, സസ്യങ്ങളുടെയും കലവറയാണ് ഇവിടം. തമിഴ്നാട്ടിലെ ഇന്ദിരാഗാന്ധി വന്യജീവി സങ്കേതത്തോട് ചേർന്നു കിടക്കുന്ന ചിന്നാർ, 1984 ലാണ് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചത്. ചാമ്പൽ മലയണ്ണാൻ, നക്ഷത്ര ആമ എന്നിവയാണ് ഈ സങ്കേതത്തിൽ കാണപ്പെടുന്ന പ്രധാന ജീവികൾ. ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലും മാത്രമേ ചാമ്പൽ മലയണ്ണാൻ അവശേഷിക്കുന്നുള്ളൂ. ഇലപൊഴിയും കാടുകൾ ധാരളമുള്ള ഈ പ്രദേശം ആന, കടുവ, പുലി തുടങ്ങിയ വന്യജീവിസമ്പത്താലും വിവിധയിനം പക്ഷികളാലും അനുഗ്രഹീതമാണ്. കേരളത്തിൽ നിന്ന് കിഴക്കോട്ട് ഒഴുകുന്ന നദികളിലൊന്നായ പാമ്പാർ, ചിന്നാർ വന്യജീവി സങ്കേതത്തിലൂടെയാണ് ഒഴുകുന്നത്. മുതുവാൻ, ഹിൽപുലയൻ എന്നീ ആദിവാസികൾ ഇവിടെ താമസമുണ്ട്. 90 ച.കി.മീറ്റർ വിസ്തൃതിയുള്ള ഈ സങ്കേതത്തിന്റെ ഭരണം മൂന്നാർ വൈൽഡ്ലൈഫ് ഡിവിഷനാണ് നിർവ്വഹിക്കുന്നത്. മറയൂരിൽ നിന്നും റോഡ് മാർഗ്ഗം 16 കി.മീറ്ററും മൂന്നാറിൽ നിന്നും 60 കീ. മീറ്ററും ദൂരമുണ്ട്. പൊള്ളാച്ചിയാണ് ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷൻ (60. കി.മീ), എയർപോർട്ട് കോയമ്പത്തൂരും (115 കി.മീ)



പൊള്ളാച്ചിയാണ് ഏടറ്റവും അടുത്ത റെയിൽവേസ്റ്റേഷൻ ( 60. കി.മീ), എയർപോർട്ട് കോയമ്പത്തൂരും (115 കി.മീ)

| | | |
|---|---|---|
| വിസ്തീർണ്ണം | - | 90 ച.കി.മീറ്റർ |
| വർഷപാതം | - | 300 - 500 മി.മീറ്റർ |
| ഊഷ്മാവ് | - | $12^{0}$ - $30^{0}$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 500 - 2300 മീറ്റർ |
| സന്ദർശന കാലം | - | ആഗസ്റ്റ് - മാർച്ച് |

കൂടുതൽ വിവരങ്ങൾക്ക്


അസ്സി. വൈൽഡ്ലൈഫ് വാർഡൻ

ചിന്നാർ വന്യജീവി സങ്കേതം

മറയൂർ പി.ഒ. 685 620ഷ മൂന്നാർ

ഫോൺ - 04865 - 252039

വെബ്സൈറ്റ് - ro-chinnar@forest.kerala.gov.in.





